LIBRARY ARCHIVES Kerala Legislative Assembly

## സംസ്ഥാന ജി.എസ്.ടി. വരുമാനം

71(5230) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-21 വർഷത്തിൽ സംസ്ഥാന ജി.എസ്.ടി.-യിൽനിന്ന് സർക്കാർ പ്രതീക്ഷിച്ച വരുമാനം എത്രയായിരുന്നുവെന്ന് വ്യക്തമാക്കാമോ?

2020-21 വർഷത്തിൽ സംസ്ഥാനത്തെ ജി.എസ്.ടി റിവൈസ്ഡ് ബഡ്ജറ്റ് എസ്റ്റിമേറ്റ് 18,999.57 കോടി രൂപയായിരുന്നു.

(ബി) പ്രസ്തുത വർഷത്തിൽ സംസ്ഥാന ജി.എസ്.ടി. വഴി എത്ര രൂപ വരുമാനം ലഭിച്ചുവെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത വർഷത്തിൽ സംസ്ഥാനത്തിന് ജി.എസ്.ടി കളക്ഷൻ (എസ്.ജി.എസ്.ടി, ഐ.ജി.എസ്.ടി സെറ്റിൽമെന്റ്, ഐ.ജി.എസ്.ടി അഡ് ഹോക്ക്) ആയി ലഭിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | എസ്.ജി. എസ്.ടി (തുക കോടിയിൽ) | ഐ.ജി.എസ്.ടി സെറ്റിൽ മെന്റ് (തുക കോടിയിൽ) | ആകെ(തുക കോടിയിൽ) | അഡ് ഹോക്ക് സെറ്റിൽമെന്റ് (തുക കോടിയിൽ) |
|---|---|---|---|---|
| 2020-21 | 8337.35 | 9196.71 | 17534.06 | 1596.11 |

(സി) വാഹന മേഖലയിലെ പ്രതിസന്ധി ജി.എസ്.ടി. വരുമാനത്തിൽ പ്രതിഫലിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

പ്രളയം, കോവിഡ് ലോക്ക്ഡൗൺ എന്നിവമൂലം എല്ലാ മേഖലകളിലും ഉണ്ടായ പ്രതിസന്ധി ജി.എസ്.ടി കളക്ഷനെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. വാഹനമേഖലയിലുണ്ടായ പ്രതിസന്ധിയും ഇതിലുൾപ്പെടുന്നു. ഈ മേഖലയിൽ നിന്നും എത്ര കോടി രൂപയുടെ നികുതി നഷ്ടമുണ്ടായിയെന്ന് കൃത്യമായി കണക്കാക്കാൻ സാദ്ധ്യമല്ല. ജി.എസ്.ടി പിരിവിൽ കുറവുണ്ടായെങ്കിലും ജി.എസ്.ടി നടപ്പിലായതിനെത്തുടർന്ന് സംസ്ഥാനങ്ങൾക്ക് 5 വർഷത്തിലുണ്ടാകുന്ന നികുതി നഷ്ടം പരിഹരിക്കുന്നതിനായി വ്യക്തമായ നിബന്ധനകളുടെ അടിസ്ഥാനത്തിൽ ജി.എസ്.ടി കോമ്പൻസേഷൻ ആക്ട് പാർലമെന്റ് പാസ്സാക്കിയിട്ടുണ്ട്. ഇതുപ്രകാരം 2015-16-ലെ കളക്ഷന്റെ 14% വർദ്ധനവ് കണക്കിൽനിന്നും എസ്.ജി.എസ്.ടി കളക്ഷനും ഐ.ജി.എസ്.ടി ക്രെഡിറ്റും ആ മാസം ലഭിച്ച എൽ.എൻ.ജി ഒഴിച്ചുള്ള വാറ്റ് കളക്ഷനും കുട്ടിക്കിഴിച്ചുള്ള ബാക്കി തുക നഷ്ടപരിഹാരമായി സംസ്ഥാനങ്ങൾക്ക് നൽകുന്നുണ്ട്.